റേഞ്ചിലെ പാണിയേലിൽ, കോമ്പതാട് എന്നിവിടങ്ങളിലും ഇടുക്കി ജില്ലയിലെ മൂന്നാർ, ഉടുമ്പൻചോല, കട്ടപ്പന, ദേവികുളം, ഇടുക്കി, പാലക്കാട് ജില്ലയിലെ അഗളി, മലമ്പുഴ, കല്ലിക്കോട്, നെല്ലിയാമ്പതി, മംഗലം ഡാം, മുണ്ടൂർ എന്നീ പ്രദേശങ്ങളിലും ഉത്തരമേഖലയിൽ കോഴിക്കോട് ജില്ലയിലെ കണ്ണാടിപൊയിൽ, പുഴൻമല എന്നിവിടങ്ങളിലും, വയനാട് ജില്ലയിലെ നീലിമല, കാടാശ്ശേരി, ചുരൽമല, മീൻമുട്ടി, എന്നിവിടങ്ങളിലും കാസർകോട് ജില്ലയിലെ ബന്തടുക്ക, ദേലംപാറ, മാലൂർ, കുന്തറ, അടൂർ, ചാമക്കൊച്ചി എന്നീ പ്രദേശങ്ങളിലും വ്യാജവാറ്റു കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) അറിയാൻ കഴിഞ്ഞിട്ടില്ല.

എക്സൈസ് റേഞ്ച് ഓഫീസുകൾ

126 [1105] ഡോ. തോമസ് ഐസക്ക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ എക്സൈസ് ഡിവിഷനു കീഴിലും എത്ര റേഞ്ച് ഓഫീസുകൾ വീതമുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എത്ര റേഞ്ച് ഓഫീസുകൾ പ്രവർത്തനം ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) അനധികൃത മദ്യ ഉല്പാദനവും വില്പനയും തടയുന്നതിനു കൂടുതൽ എക്സൈസ് റേഞ്ച് ഓഫീസുകൾ തുറക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ഇ) ഉണ്ടെങ്കിൽ ആലപ്പുഴ, കൊല്ലം, കോട്ടയം ഡിവിഷനുകളിൽ എത്ര റേഞ്ച് ഓഫീസുകൾ എവിടെയെല്ലാം തുടങ്ങുവാൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) ഒന്ന്.

(സി) തൽക്കാലം ഉദ്ദേശ്യമില്ല.

(ഡി) വ്യജനിയന്ത്രണം നിലവിൽ ഉള്ളതുകൊണ്ടും തസ്തിക സൃഷ്ടിക്കൽ നിയന്ത്രണം തുടരുന്നതുകൊണ്ടും.

(ഇ) ബാധകമല്ല.

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XI

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 126 (1105) കാണുക]

	എക്സൈസ് ഡിവിഷൻ	റെയിഞ്ച് ഓഫീസുകളുടെ എണ്ണം
1.	തിരുവനന്തപുരം	10
2.	കൊല്ലം	8
3.	പത്തനംതിട്ട	6
4.	ആലപ്പുഴ	8
5.	കോട്ടയം	10
6.	ഇടുക്കി	8
7.	എറണാകുളം	14
8.	തൃശ്ശൂർ	12
9.	പാലക്കാട്	13
10.	മലപ്പുറം	9
11.	കോഴിക്കോട്	9
12.	വയനാട്	3
13.	കണ്ണൂർ	10
14.	കാസർഗോഡ്	5

LIBRARY ARCHIVES Kerala Legislative Assembly